**പതിനാലാം കേരള നിയമസഭ**

**18-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1907** **11.02.2020-ൽ മറുപടിയ്ക്ക്**

## പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ : | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഫ്ലക്സ്, പ്ലാസ്റ്റിക് ക്യാരിബാഗുകൾ എന്നിവ സമ്പൂർണ്ണമായി നിരോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്ത് ഫ്ലക്സ്, പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉൾപ്പെടെ ഒറ്റ തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, കൊണ്ടുപോകൽ, സൂക്ഷിക്കൽ, വിൽപ്പന എന്നിവ 1.1.2020 മുതൽ നിരോധിച്ചു കൊണ്ട് 27.11.2019 ലെ സ.ഉ.(കൈ) 6/2019/പരി, 17.12.2019 ലെ സ.ഉ(കൈ) 7/2019/പരി പ്രകാരം ഉത്തരവായിരുന്നു. (നിരോധിക്കപ്പെട്ട വസ്തുക്കളുടെ ലിസ്റ്റും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. ) |
| (ബി) നിരോധിക്കപ്പെട്ട തരത്തിലുള്ള ഫ്ലക്സും പ്ലാസ്റ്റിക് ക്യാരിബാഗുകളും ഇപ്പോഴും വ്യാപകമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നിയമ ലംഘകർ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് വിധേയമാകുന്നതാണ്. |
| (സി) പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കും ഫ്ലക്സുകൾക്കും പകരം സംവിധാനമായി എന്തൊക്കെയാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ക്യരിബാഗുകൾക്ക് പകരമായി തുണി, പേപ്പർ ബാഗുകൾ ഉപയോഗിക്കാവുന്നതാണ്. ഫ്ലക്സുകൾക്ക് പകരമായി പുനചംക്രമണം സാധ്യമായി |

തുണി, പോളി എത്തലീൻ എന്നീ വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്. കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ 50 തരം ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചു വരുന്നുണ്ട്. തുണി, പാള ഉൽപ്പന്നങ്ങൾ, വിവിധ മുള-ഈറ-തടി ഉൽപ്പന്നങ്ങൾ, ചിരട്ട-മൺ ഉൽപ്പന്നങ്ങൾ, കൈതോല ഉൽപ്പന്നങ്ങൾ, ചണ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഇതിൽപ്പെടുന്നു

(ഡി) കോടതിയും സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിയമങ്ങളും ലംഘിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

(ഡി) നിയമ ലംഘനം ബോധ്യപ്പെടുന്ന പക്ഷം നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/- രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000/- രൂപയും (അമ്പതിനായിരം രൂപ) പിഴ ചുമത്തുന്നതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl No | നിരോധനം ഏർപ്പെടുത്തുന്ന വസ്തുക്കൾ | |
|---|---|---|
| 1. | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ (കനം നോക്കാതെ) | |
| 2. | ടേബിളിൽ വിരിക്കാൻ ആയി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്സ് | **നിരോധനത്തിൽ നിന്ന് ക്ലിങ്ങ് ഫിലിം ഒഴിവാക്കിയിരിക്കുന്നു** |
| 3. | തെർമോക്കോൾ, സ്റ്റൈറോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ | |
| 4. | ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ | കപ്പുകളിൽ ടംബ്ലറുകളും ഉൾപ്പെടും |
| 5. | പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ ബൗളുകൾ ,പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ ബാഗുകൾ | |
| 6. | നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് | |
| 7. | പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, ബ്രാൻഡഡല്ലാത്ത പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ | |
| 8. | പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ | ബ്രാൻഡഡ് പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾക്ക് Extended Producers Responsibility (EPR) ബാധകമാണ്. |
| 9 | PET/PETE കുടിവെള്ള ബോട്ടിലുകൾ( 500 ml **കപ്പാസിറ്റിക്ക് താഴെ)** | **നിരോധനത്തിൽ കുടിവെള്ള കുപ്പികളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.**<br><br>**500 ML ന് മുകളിൽ വരുന്ന കുടിവെള്ള PET ബോട്ടിലുകളും എല്ലാ അളവിലുമുള്ള ബ്രാൻഡഡ് ജ്യൂസ് ബോട്ടിലുകൾക്കും EPR ബാധകമാണ്.** |
| 10. | ഗാർബേജ് ബാഗുകൾ (പ്ലാസ്റ്റിക്ക് ) | |
| 11. | പി.വി.സി ഫ്ലക്സ് മെറ്റീരിയൽസ് | |
| 12. | പ്ലാസ്റ്റിക് പാക്കറ്റ്സ് | ചുവടെ വിശദമായി ചേർത്തിരിക്കുന്നു |

ചുവടെ പറയുന്ന ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ മേൽ നിരോധനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

i)പ്ലാസ്റ്റിക് വ്യവസായത്തിൽ export ചെയ്യുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക്

വസ്തുക്കൾ.

ii)ആരോഗ്യ പരിപാലന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ഉപകരണങ്ങൾ

iii) കമ്പോസ്റ്റബൾ പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിച്ച പ്ലാസ്റ്റിക്ക് വസ്തുക്കൾ Plastic Waste (Management and Handling) Rule 2016 ൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ " കമ്പോസ്റ്റബൾ പ്ലാസ്റ്റിക്ക് ഗണത്തിൽപ്പെടുന്ന Indian Standard IS or ISO 17088: 2008 ലേബൽ പതിപ്പിച്ചത്

വിൽപ്പന കേന്ദ്രങ്ങളിൽ പഴങ്ങളും പച്ചക്കറികളും പാക്ക് ചെയ്യാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ നിരോധിച്ചിട്ടുണ്ട്. **മുൻകൂട്ടി അളന്നു വച്ചിരിക്കുന്ന ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പഞ്ചസാര, ധാന്യപ്പൊടികൾ, മുറിച്ചു വച്ചിരിക്കുന്ന മത്സ്യമാംസാദികൾ എന്നിവ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് പാക്കറ്റുകളെ നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.** ജില്ലാ കളക്ടർമാർ , സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാർ, Environmental Protection Act 1986 സെക്ഷൻ 19 പ്രകാരം കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ തുടങ്ങിയവർ ഈ നിർദ്ദേശങ്ങളുടെ പാലനം കർശനമായി നിരീക്ഷിക്കേണ്ടതും ടി നിർദ്ദേശം ലംഘിക്കുന്ന സാഹചര്യത്തിൽ നിയമ ലംഘനം നടത്തുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപ (പതിനായിരം രൂപ) പിഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചുമത്തേണ്ടതാണ്. രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/- രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000/- രൂപയും (അമ്പതിനായിരം രൂപ) സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ചുമത്തേണ്ടതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കേണ്ടതുമാണ്.

മേൽ നിരോധനത്തിൽ നിന്നും branded വസ്തുക്കളെ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ/ഉൽപ്പാദകർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുള്ള /രജിസ്റ്റർ ചെയ്തിട്ടുള്ള Extended Producers Responsibility (EPR) Plan പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. BEVCO, KERAFED, MILMA, Kerala Water Authority തുടങ്ങിയ പ്ലാസ്റ്റിക് പാക്കേജിംഗ് നടത്തുന്ന മറ്റ് പൊതുമേഖല സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. എല്ലാ ഉൽപ്പാദകരും വിൽപ്പനക്കാരും ഇറക്കുമതിക്കാരും EPR plan കർശനമായി പാലിക്കേണ്ടതാണ്. ഇങ്ങനെ ഉണ്ടാകുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാനപനങ്ങൾ നിലവിലെ സംവിധാനങ്ങൾ വഴി ശേഖരിച്ച് നീക്കം ചെയ്യേണ്ടതാണ്.

നിരോധിച്ച വസ്തുക്കൾക്ക് പകരമായി പ്രകൃതി സൗഹാർദ്ദപരമായ bio degradable/compostable വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ക്യാരി ബാഗുകൾക്ക് compostable വസ്തുക്കൾ ഉപയോഗിക്കാൻ പാടുള്ളതല്ല. മറിച്ച് തുണി, പേപ്പർ എന്നിവ കൊണ്ടുള്ള ബാഗുകൾ മാത്രമേ അനുവദനീയമുള്ളൂ.

സെക്ഷൻ ഓഫീസർ